പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : * 170

17.12.2012-ലെ മറുപടിയ്ക്ക്

# ഭൂകമ്പ സാധ്യതാ മേഖലാ പ്രഖ്യാപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . എ. എ. അസീസ് | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഭൂകമ്പ സാധ്യതാ മേഖലകൾ ഏതൊക്കെയാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ; | (ബി) കേന്ദ്ര സർക്കാരിന്റെ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ് പ്രകാരം കേരളം മൊത്തമായി ഭൂകമ്പ സാധ്യതയിൽ മൂന്നാം മേഖലയിലാണ് പെടുത്തിയിട്ടുള്ളത്. ഇതല്ലാതെ മറ്റൊരു രീതിയിൽ കേരള സംസ്ഥാനത്തെ തരംതിരിച്ചിട്ടില്ല. |
| (സി) ഭൂകമ്പസാധ്യതാ മേഖലകളിൽ ദുരന്തമുണ്ടായാൽ കൈക്കൊള്ളേണ്ട മുൻ കരുതലുകളിൽ എന്തൊക്കെയാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) ഭൂകമ്പ ദുരന്ത നിവാരണത്തിനായി നിർമ്മാണ മേഖലയിൽ IS-1893(2002), IS-13920(1993), IS-456(2000) എന്നീ കോഡുകൾ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ സമീപ കാലത്ത് ഭൂചലനം ഉണ്ടായിട്ടുള്ള പ്രദേശങ്ങളിൽ ബോധവൽക്കരണ ക്ലാസ്സും നടത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്കും ബോധവൽക്കരണ പരിപാടികൾ നടത്താറുണ്ട്. |
| (ഡി) ഭൂകമ്പത്തിൽ വന്നേക്കാവുന്ന ദുരന്തത്തിന്റെ അളവ് കുറയ്ക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) ഭൂകമ്പ ദുരന്തത്തിന്റെ അളവ് കുറയ്ക്കുന്നതിനായി നിർമ്മാണ മേഖലയിൽ മേൽ പറഞ്ഞ IS കോഡുകൾ നിർബന്ധമാക്കിയിട്ടുണ്ട്. കേരള മുൻസിപ്പൽ/ പഞ്ചായത്ത് ബിൽഡിംഗ് റൂൾസിൽ ഇവ പ്രത്യേകമായി പരാമർശിച്ചിട്ടുണ്ട്. |

Haneefa

സെക്ഷൻ ഓഫീസർ